**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2020-21 – നടപ്പ് സാമ്പത്തിക വർഷം ബജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ച പ്രാദേശിക സർക്കാരുകൾക്ക് അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച് . ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്.എഫ്.സി. സെൽ — എ) വകുപ്പ്**

സ.ഉ.(സാധാ) നം. 2247/2021/ധന. തീയതി, തിരുവനന്തപുരം, 12 മാർച്ച് 2021

പരാമർശം : ബഹു ധനകാര്യ വകുപ്പമന്ത്രിയുടെ 23/02/2021 ലെ കുറിപ്പ് .

**<u>ഉത്തരവ്</u>**

തങ്ങളുടെ നടപ്പുവർഷത്തെ വിഹിതം പൂർണ്ണമായും വിനിയോഗിച്ചു കഴിഞ്ഞതായി ചൂണ്ടിക്കാട്ടി നിരവധി പഞ്ചായത്തുകൾ അധിക സഹായത്തിനായി സർക്കാരിനെ സമീപിക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച പ്രാദേശിക സർക്കാരുകൾക്ക് ക്യാരി ഓവർ ചെയ്ത തുകയ്ക്ക് തുല്യമായ പണം, ഗ്രാമ പഞ്ചായത്തുകൾക്ക് 25 ശതമാനം, മുനിസിപ്പാലിറ്റികൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും 30 ശതമാനം, കോർപ്പറേഷനുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും 35 ശതമാനം എന്ന പരിധിക്ക് വിധേയമായി അധികമായി അനുവദിക്കുമെന്ന് ബഹു: ധനകാര്യ മന്ത്രി നിയമസഭയിൽ ഉറപ്പ് നൽകിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രാദേശിക സർക്കാരുകൾക്ക് 2020-21 സാമ്പത്തിക വർഷം അനുവദിച്ച ധനകാര്യ കമ്മീഷൻ തുക ഒഴിച്ചുള്ള വികസന ഫണ്ട് 90 ശതമാനത്തിന് മുകളിൽ ചെലവ് എത്തുന്ന പ്രാദേശിക സർക്കാരുകളുടെ വിവരം ഓരോ ആഴ്ചയിലും ഇൻഫർമേഷൻ കേരള മിഷനിൽ (ഐ.കെ.എം) നിന്നും സമാഹരിച്ച് അപ്പപ്പോൾ വികസന ഫണ്ടിനത്തിൽ അധിക ധനാനുമതി അനുവദിക്കുന്നതാണ് എന്ന് ഉത്തരവാകുന്നു. ഇത്തരത്തിൽ അനുവദിക്കുന്ന തുക താഴെ പറയും പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

എ. ഗ്രാമ പഞ്ചായത്തുകൾ — 2020-21 സാമ്പത്തിക വർഷത്തെ വികസന ഫണ്ട് വിഹിതത്തിന്റെ 25 ശതമാനം.

ബി. മുനിസിപ്പാലിറ്റികളും ബ്ലോക്ക് പഞ്ചായത്തുകളും — 2020-21 സാമ്പത്തിക വർഷത്തെ വികസന ഫണ്ട് വിഹിതത്തിന്റെ 30 ശതമാനം.

സി. മുനിസിപ്പൽ കോർപ്പറേഷനുകളും ജില്ലാ പഞ്ചായത്തുകളും — 2020-21 സാമ്പത്തിക വർഷത്തെ വികസന ഫണ്ട് വിഹിതത്തിന്റെ 35 ശതമാനം.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഗോപ കുമാർ എൻ**

**ധനകാര്യ അഡീഷണൽ സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും/ ബ്ലോക്ക് പഞ്ചായത്തുകൾക്കും/ ജില്ലാ പഞ്ചായത്തുകൾക്കും
എല്ലാ മുനിസിപ്പാലിറ്റികൾക്കും /മുനിസിപ്പൽ കോർപ്പറേഷനുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യൂ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (*E-1719283*)

ഉത്തരവിൻ പ്രകാരം

ഫ സെക്ഷൻ ഓഫീസർ.